(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കോഴിക്കോട് മെഡിക്കൽ കോളേജിൽ ലഭ്യമാകുന്ന എല്ലാ ചികിത്സയും ആദിവാസി രോഗികൾക്ക് സൗജന്യമായി നൽകിവരുന്നുണ്ട്. ചികിത്സ കഴിഞ്ഞ് മടങ്ങിപ്പോകുന്ന രോഗികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് ദിവസങ്ങളിൽ ഡിസ്ചാർജ് ചെയ്യുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് യാത്രാപ്പടി നൽകിവരുന്നു. കൂട്ടിരിപ്പുകാർക്ക് 200 രൂപ യാത്രാപ്പടി അനുവദിക്കുന്നതിനുള്ള സംവിധാനങ്ങൾ ലഭ്യമാണ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലാ ട്രൈബൽ ഓഫീസർമാരുടെ യോഗം വിളിച്ചുചേർത്ത് രോഗികൾക്ക് എല്ലാ ദിവസവും ആമ്പുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ആദിവാസികളായ രോഗികൾക്ക് എല്ലാ ചികിത്സാസൗകര്യങ്ങളും ഏർപ്പെടുത്തുവാനും തുടർ ചികിത്സാസംബന്ധമായ ധനസഹായം എന്നിവയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. ഇന്നലെ ഒരുകോടി രൂപ ഇതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് എത്തുന്ന ആദിവാസികൾക്ക് ബന്ധപ്പെട്ട ഡോക്ടർമാരെ ഒ.പി.യിൽ കാണുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണെന്ന കാര്യംകൂടി ഞാൻ അറിയിക്കുകയാണ്. കാരണം, അവിടെ എത്തിച്ചേരുന്ന രോഗികൾക്ക് കൂടുതൽ വിദ്യാഭ്യാസവും മറ്റും ഇല്ലാത്തതുകൊണ്ട് ഡോക്ടർമാരെ കാണാൻ എവിടെ പോകണം, എവിടെ ചികിത്സയ്ക്ക് എത്തിക്കണമെന്നുള്ള കാര്യങ്ങളെക്കുറിച്ച് അറിയില്ല. അതിനായി വോളണ്ടിയർമാരെ വച്ച് പ്രത്യേകമായിട്ടുള്ള സംവിധാനത്തിലൂടെ, അവർക്ക് മുൻഗണന കൊടുത്ത് ഡോക്ടർമാരെ ഒ.പി.യിലും മറ്റ് ചികിത്സയ്ക്കും കാണുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനവും കോഴിക്കോട് മെഡിക്കൽ കോളേജിൽ ഏർപ്പെടുത്തുന്നതാണ്.

VI മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ് I പ്രകാരം

I. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (എംഎസ്.) നമ്പർ 183/2015/നിയമം തീയതി 16-11-2015 (എസ്.ആർ.ഒ. നമ്പർ 747/2015)

LIBRARY ARCHIVES Kerala Legislative Assembly

2. ജി.ഒ. (ആർ‌ടി.) നമ്പർ 2973/2015/ഹോം തീയതി 21-11-2015 (എസ്.ആർ.ഒ. നമ്പർ 812/2015)

3. ജി.ഒ. (പി) നമ്പർ 30/2015/പി. ആന്റ് എ.ആർ.ഡി. തീയതി 19-11-2015 (എസ്.ആർ.ഒ. നമ്പർ 822/2015)

4. ജി.ഒ. (പി) നമ്പർ 33/2015/പി. ആന്റ് എ.ആർ.ഡി. തീയതി 25-11-2015 (എസ്.ആർ.ഒ. നമ്പർ 824/2015)

5. വയനാട് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2011-12-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

II. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, താഴെപ്പറയുന്ന കടലാസുകൾ റവന്യൂവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ. (പി) നമ്പർ 611/2015/ആർ.ഡി. തീയതി 17-11-2015 (എസ്.ആർ.ഒ. നമ്പർ 811/2015).

III. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു

1. ജി.ഒ. (പി) നമ്പർ 207/2015/നി.വ. തീയതി 27-11-2015 (എസ്.ആർ.ഒ. നമ്പർ 804/2015)

2. ജി.ഒ. (പി) നമ്പർ 215/2015/ടി.ഡി. തീയതി 30-11-2015 (എസ്.ആർ.ഒ. നമ്പർ 818/2015)

3. ജി.ഒ. (എംഎസ്.) നമ്പർ 6/2015/സി.എ.ഡി. തീയതി 20-11-2015 (എസ്.ആർ.ഒ. നമ്പർ 819/2015)

4. ജി.ഒ. (എംഎസ്.) നമ്പർ 7/2015/സി.എ.ഡി. തീയതി 20-11-2015 (എസ്.ആർ.ഒ. നമ്പർ 820/2015).

IV. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഊർജ്ജ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

നമ്പർ 1573/അഡ്മിൻ./15/കെ.എസ്.ഇ.ആർ.സി. തീയതി 18-11-2015.

V. പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ,

LIBRARY ARCHIVES Kerala Legislative Assembly

താഴെപ്പറയുന്ന കടലാസുകൾ സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ. (പി) നമ്പർ 148/2014/കോ-ഓപ്. തീയതി 09-12-2014 (എസ്.ആർ.ഒ. നമ്പർ 770/2015).

VI. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ. (പി) നമ്പർ 343/2015/എൽ.എസ്.ജി.ഡി. തീയതി 18-11-2015 (എസ്.ആർ.ഒ. നമ്പർ 769/2015).

VII. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (ആർ‌ടി.) നമ്പർ 1260/2009/എൽ.ബി.ആർ. തീയതി 20-8-2009 (എസ്.ആർ.ഒ. നമ്പർ 198/2010 മുതൽ 202/2010 വരെ) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ. (ആർ‌ടി.) നമ്പർ 159/2010/എൽ.ബി.ആർ. തീയതി 30-1-2010 (എസ്.ആർ.ഒ. നമ്പർ 430/2010 മുതൽ 443/2010 വരെ) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. ജി.ഒ. (ആർ‌ടി.) നമ്പർ 692/2010/എൽ.ബി.ആർ. തീയതി 9-4-2010 (എസ്.ആർ.ഒ. നമ്പർ 603/2010 മുതൽ 606/2010 വരെ) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
4. ജി.ഒ. (ആർ‌ടി.) നമ്പർ 746/2010/എൽ.ബി.ആർ. തീയതി 22-4-2010 (എസ്.ആർ.ഒ. നമ്പർ 614/2010) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
5. ജി.ഒ. (പി) നമ്പർ 168/2015/എൽ.ബി.ആർ. തീയതി 9-11-2015 (എസ്.ആർ.ഒ. നമ്പർ 807/2015)
6. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ചിന്റെ 2011-12-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VIII. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ. (ആർ‌ടി.) നമ്പർ 6322/2015/ആർ.ഡി. തീയതി 26-11-2015

LIBRARY ARCHIVES Kerala Legislative Assembly

(എസ്.ആർ.ഒ. നമ്പർ 802/2015).

(2) ചട്ടം 47 (2) അനുസരിച്ചുള്ള ലിസ്റ്റ് I പ്രകാരം

1. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

   പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളത്തിലെ 4790, പന്ത്രണ്ടാം സമ്മേളനത്തിലെ 4097, 4107 പതിനാലാം സമ്മേളനത്തിലെ 66, 4387 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ആഭ്യന്തരവകുപ്പു മന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

   പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളത്തിലെ 233, പതിനാലാം സമ്മേളനത്തിലെ 5711 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

   പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളത്തിലെ 2163, 2164, 4763 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ജയലക്ഷ്മി): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

   പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളത്തിലെ 5924,

LIBRARY ARCHIVES Kerala Legislative Assembly